"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിത ശിശു വികസന വകുപ്പ്: ഗാർഹിക പീഡനത്തിന് വിധേയരാകുന്ന സ്ത്രീകൾക്കായുള്ള ഷെൽട്ടർ ഹോമുകളുടെ ദൈനംദിനപ്രവർത്തനങ്ങൾക്കായി തുക വിനിയോഗിക്കുന്നതിനുള്ള സമഗ്ര ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശുവികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.239/2025/WCDD തീയതി,തിരുവനന്തപുരം, 31-05-2025

---

പരാമർശം:-

1. 07.08.2017-ലെ സ.ഉ (പി) നം.102/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. സ.ഉ.(കൈ) നം.2/2021/വ.ശി.വി.വ തീയതി 31.08.2021
3. സ. ഉ.(അച്ചടി) 4/2022/വശിവിവ തീയതി 29.03.2022
4. വനിത ശിശു വികസന ഡയറക്ടറുടെ 29/03/2025 തീയതിയിലെ DWCD/1900/2025-WEC3 നം.കത്ത്.
5. 03.04.2025-ലെ 31/2025/ധന നമ്പർ സർക്കുലർ.
6. 03.04.2025 തീയതിയിലെ വനിത ശിശു വികസന വകുപ്പിന്റെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്ട്സ്.

**<u>ഉത്തരവ്</u>**

ഗാർഹിക പീഡനത്തിനു വിധേയരാകുന്ന സ്ത്രീകൾക്ക് വിവിധ സേവനങ്ങൾ നൽകുന്നതിനു സംസ്ഥാനത്ത് കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് മുഖേന പ്രവർത്തിച്ചു വന്നിരുന്നതും പരാമർശം (2) പ്രകാരം വനിതശിശു വികസന വകുപ്പ് നേരിട്ട് ഏറ്റെടുക്കുകയും ചെയ്ത 11 ഷെൽട്ടർ ഹോമുകളും പരാമർശം (3) പ്രകാരം പുതുതായി രജിസ്ട്രേഷൻ അനുവദിച്ച 3 ഷെൽട്ടർ ഹോമുകളുമുൾപ്പെടെ സംസ്ഥാനത്ത് 14 ഷെൽട്ടർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു.

2) പ്രസ്തുത ഷെൽട്ടർ ഹോമുകളുടെ ദൈനംദിനപ്രവർത്തനങ്ങൾക്കായി തുക വിനിയോഗിക്കുന്നതിന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രൊപ്പോസൽ 03/04/2025-ലെ ഒന്നാമത്തെ വർക്കിംഗ് ഗ്രൂപ്പ് യോഗം പരിശോധിച്ച് പരാമർശം (6) പ്രകാരം 18-ാം ഇനമായി സമഗ്ര ഭരണാനുമതി നൽകുവാൻ

തീരുമാനിച്ചു.

3) പ്രസ്തുത സാഹചര്യത്തിൽ, ഷെൽട്ടർ ഹോമുകളുടെ ദൈനംദിനപ്രവർത്തനങ്ങൾക്കായി ചുവടെ ചേർക്കും നിബന്ധനകൾക്ക് വിധേയമായി സമഗ്ര ഭരണാനുമതി നൽകി ഉത്തരവാകുന്നു.

- പദ്ധതിയുടെ തുടർച്ചയ്ക്കാവശ്യമായ തുക **2235-02-103-68-03-00-0-P-V** എന്ന ശീർഷകത്തിൽ നിന്നും അതാത് സാമ്പത്തിക വർഷത്തെ ബജറ്റ് വിഹിതത്തിനുള്ളിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

- പദ്ധതിയുടെ ഘടകങ്ങളിലോ, നിരക്കിലോ, നടത്തിപ്പ് രീതിയിലോ ഒന്നും ഒരു മാറ്റവും ഇല്ലാത്ത പക്ഷം പരാമർശം (1) പ്രകാരമുള്ള **Delegation of Financial Power-**ന്റെ അടിസ്ഥാനത്തിൽ അതത് വർഷത്തെ ബജറ്റ് വിഹിതം കണക്കിലെടുത്ത് തുടർ വർഷങ്ങളിൽ ഭരണാനുമതി നൽകാവുന്നതാണ്.

- പദ്ധതിയുടെ ഘടകങ്ങളിലോ നിരക്കിലോ, നടത്തിപ്പ് രീതിയിലോ എന്തെങ്കിലും മാറ്റമുള്ള പക്ഷം **New Scheme** ആയി കണക്കാക്കി **യഥാനുസരണം** ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്.

- പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മറ്റ് വ്യവസ്ഥകളും മാനദണ്ഡങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ (പ്ലാനിംഗ് ബി) വകുപ്പ്

ധനകാര്യ (വനിത ശിശു വികസന) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Bindu K N
സെക്ഷൻ ഓഫീസർ
Date: 05-06-2025 17:38:49

**2005 ലെ ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന ആക്ട് പ്രകാരം പ്രവർത്തിക്കുന്ന ഷെൽട്ടർ ഹോമുകൾക്കായുള്ള മാതൃകാ പ്രവർത്തന നടപടിക്രമം**

# (Standard Operating Procedure for Shelter Home under Protection of Women From Domestic Violence Act 2005

2005 ലെ ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന ആക്ട് (ഇനി മുതൽ ആക്ട്, 2005 എന്ന് പരാമർശിക്കപ്പെടുന്നത്) പ്രകാരം സർക്കാർ വിജ്ഞാപനം വഴി നിലവിൽ വന്നിട്ടുള്ള താത്കാലിക അഭയ കേന്ദ്രം ആണ് ഷെൽട്ടർ ഹോം. വനിത സംരക്ഷണ ഉദ്യോഗസ്ഥയോ, സേവനദാതാവോ അല്ലെങ്കിൽ പരാതിക്കാരി നേരിട്ടോ അഭയം നൽകണമെന്ന് ആവശ്യപ്പെട്ടാൽ ഷെൽട്ടർ ഹോമിന്റെ ചുമതലയുള്ളയാൾ പരാതിക്കാരിക്ക് താമസ സൗകര്യം നൽകേണ്ടതാണ് (സെക്ഷൻ 6, ആക്ട്, 2005)

ഷെൽട്ടർ ഹോമുകളുടെ യോഗ്യത, തെരഞ്ഞെടുപ്പ്, രജിസ്ട്രേഷൻ, പ്രവർത്തന രീതി, നൽകേണ്ട സേവനങ്ങൾ എന്നിവ സംബന്ധിച്ച് ഒരു മാതൃകാ പ്രവർത്തന നടപടിക്രമം ഉണ്ടാകേണ്ടതുണ്ട് എന്നതിനാൽ ആയത് താഴെ പറയും പ്രകാരം രൂപീകരിച്ചിരിക്കുന്നു. ഈ നടപടിക്രമത്തിലെ നിർദ്ദേശങ്ങളെല്ലാം തന്നെ 2005 ലെ ആക്ടിനും ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന ചട്ടങ്ങൾ, 2006നും (ഇനി മുതൽ റൂൾസ്, 2006 എന്ന് പരാമർശിക്കപ്പെടുന്നത്) വിധേയമായിരിക്കുന്നതാണ്.

## I) ഷെൽട്ടർ ഹോം രജിസ്ട്രേഷനുള്ള യോഗ്യത

1. ചട്ടങ്ങൾക്ക് വിധേയമായി, സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട്, 1860, കമ്പനീസ് ആക്റ്റ്, 1956/2013 അല്ലെങ്കിൽ നിലവിലുള്ള മറ്റേതെങ്കിലും നിയമം വഴി രജിസ്റ്റർ ചെയ്തിട്ടുള്ളതും നിയമപരമായ മാർഗ്ഗങ്ങളിലൂടെ നിയമ സഹായം, വൈദ്യ സഹായം, സാമ്പത്തിക സഹായം, മറ്റ് സഹായങ്ങൾ ഉൾപ്പെടെ വനിതകളുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള സന്നദ്ധ സംഘടന ആയിരിക്കണം.

2. രജിസ്ട്രേഷന് അപേക്ഷിക്കുന്നതിന് മുമ്പ് പ്രസ്തുത സംഘടനയ്ക്ക് സാമൂഹ്യ സേവന രംഗത്ത് മൂന്ന് വർഷത്തെ സേവനം ഉണ്ടായിരിക്കണം.

3. മുപ്പത് താമസക്കാർക്ക് സൗകര്യപ്രദമായി താമസിക്കുന്നതിന് സൗകര്യമുള്ള കെട്ടിടം സ്വന്തമായുള്ള സന്നദ്ധ സംഘടനകൾക്ക് മുൻഗണന നൽകുന്നതാണ്.

## II) രജിസ്ട്രേഷനുള്ള അപേക്ഷ

ഷെൽട്ടർ ഹോമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ റൂൾ 11 (സി) പ്രകാരം ഫോറം VI ൽ വനിത ശിശു വികസന ഡയറക്ടർക്ക് ബന്ധപ്പെട്ട സന്നദ്ധ സംഘടന സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകളും ഹാജരാക്കേണ്ടതാണ് **(അനക്സർ 1).**

1) സന്നദ്ധ സംഘടന രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ്.

2) സംഘടനയുടെ പ്രസിഡന്റ്/സെക്രട്ടറി ഒപ്പ് വച്ച ബൈലായുടെ പകർപ്പ്.

3) സംഘടനയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ അംഗങ്ങളുടെ പേരും മേൽവിലാസം അടങ്ങുന്ന ലിസ്റ്റ്, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ തമ്മിൽ യാതൊരു കുടുംബബന്ധങ്ങളും നിലനിൽക്കുന്നില്ല എന്ന് സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് സഹിതം.

4) സംഘടനയുടെ പ്രസിഡന്റ്/സെക്രട്ടറി ഒപ്പ് വച്ചിട്ടുള്ള അവസാന 3 വർഷത്തെ വാർഷിക റിപ്പോർട്ടുകൾ.

5) അവസാന മൂന്ന് വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സ്റ്റേറ്റ്മെന്റ് - ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്തത് (വരവ്-ചെലവ്, ബാലൻസ് ഷീറ്റ്, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ).

6) പ്രസിഡന്റിനെ/സെക്രട്ടറിയെ സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനം.

**III) അപേക്ഷയിൽ വനിത സംരക്ഷണ ഓഫീസർ നടത്തേണ്ട അന്വേഷണങ്ങൾ - മൂല്യ നിർണ്ണയ രീതി**

ഷെൽട്ടർ ഹോം നടത്തുന്നതിന് ഒരു സന്നദ്ധ സംഘടന അപേക്ഷ നൽകുന്ന പക്ഷം വകുപ്പ് മേധാവിയുടെ നിർദ്ദേശാനുസരണം വനിത സംരക്ഷണ ഓഫീസർ, ഷെൽട്ടർ ഹോം നടത്തുന്നതിന് സംഘടന നിർദ്ദേശിച്ചിരിക്കുന്ന കെട്ടിടം പരിശോധിക്കേണ്ടതും വ്യക്തമായ ശിപാർശ സഹിതം വനിത ശിശു വികസന വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകേണ്ടതുമാണ് (റൂൾസ് 2006 11(3) സി).

a) ആക്ട്, 2005 ന്റെ ലക്ഷ്യങ്ങളുമായി ആശയങ്ങളിലും പ്രവൃത്തിയിലും ചേർന്നു പോകുന്നതായിരിക്കണം സംഘടനയുടെ ബൈലാ. കൂടാതെ സന്നദ്ധ സംഘടനയുടെ പ്രവർത്തനങ്ങളും പദ്ധതികളും സ്ത്രീകളുടെ ക്ഷേമവും ശാക്തീകരണവും ലക്ഷ്യം വച്ച് ഉള്ളതായിരിക്കണം.

b) ഷെൽട്ടർ ഹോമിനായുള്ള കെട്ടിടത്തിൽ 30 താമസക്കാരെ സൗകര്യപ്രദമായി താമസിപ്പിക്കാൻ സാധിക്കുമോ/താമസിപ്പിക്കാൻ സാധിക്കുന്ന പരമാവധി അന്തേവാസികളുടെ എണ്ണം, എന്നത് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കണം.

c) സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതമായി താമസിക്കാൻ കഴിയുന്ന ചുറ്റുപാടിലാണോ കെട്ടിടം സ്ഥിതി ചെയ്യുന്നത് എന്നും സ്ഥാപനത്തിൽ മതിയായ സുരക്ഷാ ക്രമീകരണങ്ങൾ ഉണ്ടോ എന്നും ഉറപ്പു വരുത്തേണ്ടതാണ്.

d) സ്ഥാപനത്തിൽ ഇന്റർനെറ്റ്, കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഭൗതിക സൗകര്യങ്ങളും താമസക്കാർക്ക് ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ ഒരു ടെലിഫോണും ഉണ്ടായിരിക്കണം.

e) അപേക്ഷ നൽകിയ സംഘടനയ്ക്ക് സമൂഹത്തിൽ ഉള്ള വിശ്വാസ്യത, സാമൂഹ്യ പ്രവർത്തന പരിചയം എന്നിവ വിലയിരുത്തണം.

f) ഷെൽട്ടർ ഹോം നടത്തുന്നതിന് ആവശ്യമായ ജീവനക്കാരുടെ ലഭ്യത, സാമ്പത്തിക കെട്ടുറപ്പ് എന്നിവ സംഘടനയ്ക്ക് ഉണ്ടോയെന്ന് പരിശോധിക്കണം.

g) സമാന ആവശ്യത്തിനായി ജില്ലയിൽ മറ്റൊരു ഷെൽട്ടർ ഹോം സർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്നുണ്ടോ എന്ന് അന്വേഷിക്കണം.

h) അപേക്ഷ നൽകിയിട്ടുള്ള സന്നദ്ധ സംഘടന ഷെൽട്ടർ ഹോമായി രജിസ്റ്റർ ചെയ്യപ്പെടാൻ യോഗ്യതയുള്ളതാണ് എന്ന് കണ്ടെത്തിയതിനുശേഷം പ്രസ്തുത സംഘടനയുടെ മുൻ വർഷങ്ങളിലെ ഫണ്ട് വിനിയോഗം സംബന്ധിച്ച് വനിത സംരക്ഷണ ഓഫീസർ പരിശോധന നടത്തേണ്ടതാണ്.

i) സംഘടനയുടെ മുൻ വർഷങ്ങളിലെ വാർഷിക റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ അപാകതകൾ ഇല്ലാത്തതാണ് എന്നും യോഗ്യതകളുള്ള ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ് കണക്കുകൾ ഓഡിറ്റ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതും താഴെ കൊടുത്തിരിക്കുന്ന രേഖകൾ പരിശോധിയ്ക്കേണ്ടതുമാണ്.

1) ബാലൻസ് ഷീറ്റ്.

2) വരവ്-ചെലവ് സ്റ്റേറ്റ്മെന്റ്.

3) ക്യാഷ് ബുക്ക്, ലെഡ്ജർ.

4) ബാങ്ക് പാസ് ബുക്ക്, ചെക്ക് ഇഷ്യൂ രജിസ്റ്റർ.

5) ബാങ്ക് സ്റ്റേറ്റ്മെന്റ്.

6) ബാങ്ക് അക്കൗണ്ട് വഴിയല്ലാതെ ലഭിക്കുന്ന സംഭവനകൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ, രസീത് ബുക്ക്.

7) ആക്ട് 2005 ന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി മറ്റ് ഏജൻസികളിൽ നിന്നും സംഘടനയ്ക്ക് ഫണ്ട് ലഭിച്ചിട്ടുണ്ടോ എന്ന വിവരം.

## IV) ഷെൽട്ടർ ഹോമിന്റെ രജിസ്ട്രേഷൻ

1) വനിത സംരക്ഷണ ഓഫീസർ മേൽപ്പറഞ്ഞ തരത്തിൽ പരിശോധന നടത്തി, വ്യക്തമായ ശിപാർശ സഹിതം റിപ്പോർട്ട് അനുബന്ധ രേഖകൾ ഉൾപ്പെടെ 15 ദിവസത്തിനകം വനിത ശിശു വികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

2) വനിത സംരക്ഷണ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർക്ക് അപേക്ഷ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യാവുന്നതാണ്. അപേക്ഷ നിരസിക്കുന്ന പക്ഷം ആയതിന്റെ കാരണം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതാണ്. ഡയറക്ടറുടെ നിരസിക്കൽ അറിയിപ്പ് ലഭിച്ചതിന്മേൽ സന്നദ്ധ സംഘടനക്ക് 30 ദിവസത്തിനുള്ളിൽ സർക്കാരിന് അപ്പീൽ നൽകാവുന്നതാണ്.

3) സ്വീകാര്യമായ അപേക്ഷകൾ വ്യക്തമായ ശിപാർശയോടെ രജിസ്ട്രേഷൻ അനുവദിക്കുന്നതിനായി വനിത ശിശു വികസന വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

4) ഒരു സന്നദ്ധ സംഘടനക്ക് ഷെൽട്ടർ ഹോമായി രജിസ്ട്രേഷൻ നൽകിയാൽ പ്രസ്തുത വിവരം 15 ദിവസത്തിനകം സംഘടനയെ രേഖാമൂലം അറിയിക്കേണ്ടതാണ്. ഉത്തരവിന്റെ പകർപ്പ് കേരള സോഷ്യൽ വെൽഫെയർ ബോർഡിനും അതാത് ജില്ലയിലെ വനിത സംരക്ഷണ ഓഫീസർക്കും ലഭ്യമാക്കേണ്ടതാണ്.

5) ഷെൽട്ടർ ഹോമിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് **അനക്സർ 2** മാതൃകയിലായിരിയ്ക്കണം.

6) ഷെൽട്ടർ ഹോമിന്റെ പ്രവർത്തനം മാതൃകാ പ്രവർത്തന നടപടിക്രമങ്ങൾ (Standard Operating Procedure) അനുസരിച്ച് ആയിരിക്കണമെന്ന് അനുമതി പത്രത്തിൽ വ്യക്തമായി പ്രസ്താവിച്ചിരിക്കണം.

7) രജിസ്ട്രേഷന് അനുമതി ലഭിച്ച് 20 ദിവസത്തിനുള്ളിൽ രജിസ്ട്രേഷൻ ലഭിച്ച സന്നദ്ധ സംഘടനയും കേരള സാമൂഹ്യ ക്ഷേമ ബോർഡും തമ്മിൽ ഒരു ധാരണാപത്രത്തിൽ ഒപ്പ് വയ്ക്കേണ്ടതും (Memorandum of Understanding) **(അനക്സർ 3)**. പ്രസ്തുത ധാരണാപത്രത്തിന്റെ പകർപ്പ് വനിത ശിശു വികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിയ്ക്കേണ്ടതുമാണ്. മേൽപ്പറഞ്ഞ ധാരണാപത്രത്തിന്റെ കാലാവധി ഒരു വർഷമായിരിയ്ക്കുന്നതും വ്യവസ്ഥകൾ ലംഘിച്ചാൽ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതുമാണ്.

8) ഷെൽട്ടർ ഹോമിന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം വിലയിരുത്തി വനിത സംരക്ഷണ ഓഫീസറുടെയും കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന്റെയും പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ വർഷവും രജിസ്ട്രേഷൻ പുതുക്കി നൽകേണ്ടതാണ്.

## V) <u>ലഭ്യമാകുന്ന സേവനങ്ങൾ</u>

1) താമസക്കാരുടെ അവകാശങ്ങളേയും അന്തസ്സിനേയും സംരക്ഷിച്ചുകൊണ്ടുള്ള സേവനങ്ങൾ ലഭ്യമാക്കേണ്ടതും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ സമൂഹത്തിൽ നടക്കുന്ന എല്ലാത്തരം അതിക്രമങ്ങൾക്കും എതിരെ വിവേചനരഹിതമായി, മുൻവിധികളില്ലാത്ത സമീപനം കൈക്കൊള്ളേണ്ടതുമാണ്.

2) ഷെൽട്ടർ ഹോമിലെ ജീവനക്കാർ സ്ത്രീപക്ഷ കാഴ്ച്ചപ്പാടുള്ളവരും ആവശ്യമായ ട്രെയിനിംഗ് ലഭിച്ചിട്ടുള്ളവരും ആയിരിക്കണം.

3) താമസക്കാരുടെ സുരക്ഷിതത്വവും സ്വകാര്യതയും ഉറപ്പുവരുത്തേണ്ടതും അവരിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ, രേഖകൾ, പരാതികൾ എന്നിവ സുരക്ഷിതമായി സൂക്ഷിച്ചിരിക്കേണ്ടതുമാണ്.

4) ജനപ്രതിനിധികൾ, ജില്ലാ കളക്ടർ, പോലീസ്, ആശുപത്രി സൂപ്രണ്ട്, ജില്ലാ വനിത ശിശു വികസന ഓഫീസർ, വനിത സംരക്ഷണ ഓഫീസർ, സേവനദാതാക്കൾ എന്നിവർ ശിപാർശ ചെയ്യുന്ന, ഗാർഹികാതിക്രമത്തിന് വിധേയരായ സ്ത്രീകൾക്ക് സ്ഥാപനത്തിൽ പ്രവേശനം നൽകി താമസസൗകര്യം നൽകേണ്ടതുമാണ്.

5) ഗാർഹികാതിക്രമത്തിന് വിധേയയായ സ്ത്രീ ആഗ്രഹിക്കുന്നതിന് വിരുദ്ധമായി അവരുടെ വ്യക്തിഗത വിവരങ്ങൾ എതിർകക്ഷികളെയോ, മറ്റുള്ളവരെയോ അറിയിക്കാൻ പാടുള്ളതല്ല [(റൂൾസ് 2006), 16(3)]

6) ഷെൽട്ടർ ഹോമിൽ പ്രവേശിപ്പിച്ച താമസക്കാരിയുടെ മെഡിക്കൽ പരിശോധന പ്രവേശനം നൽകി 24 മണിക്കൂറിനുള്ളിൽ നടത്തേണ്ടതാണ്. ഏതെങ്കിലും താമസക്കാർക്ക് രോഗബാധ ഉണ്ടെന്ന് തിരിച്ചറിഞ്ഞാൽ അടിയന്തിരമായി അവരെ സമീപത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ എത്തിച്ച് ആവശ്യമായ ചികിത്സ നൽകേണ്ടതാണ്.

7) ഷെൽട്ടർ ഹോമിൽ നിർബന്ധമായും ആവശ്യമായ മെഡിസിൻ കിറ്റ് ഉണ്ടായിരിക്കേണ്ടതാണ്. മെഡിസിൻ കിറ്റിൽ പ്രാഥമിക വൈദ്യ സഹായത്തിനാവശ്യമായ മരുന്നുകൾ, ബാൻഡേജ്, പ്ലാസ്റ്റർ, ശുചിത്വമുള്ള പഞ്ഞി, കത്രിക, മറ്റ് അവശ്യ വസ്തുക്കൾ എന്നിവ ഉണ്ടായിരിക്കണം.

8) ഷെൽട്ടർ ഹോമിൽ താമസക്കാർക്ക് വിനോദത്തിനും വിജ്ഞാനത്തിനും പര്യാപ്തമായ സൗകര്യങ്ങൾ (ദിനപ്പത്രം, പുസ്തകങ്ങൾ, മാസികകൾ, ടെലിവിഷൻ മുതലായവ) ഉണ്ടായിരിക്കണം കുട്ടികൾക്ക് ഹോമിന് അകത്തും പുറത്തും വിനോദത്തിനായുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ് (കാരംസ്, ചെസ്സ്, കളിസ്ഥലം മുതലായവ)

9) സിനിമ, വിനോദയാത്ര, കലാ സാംസ്കാരിക പരിപാടികൾ, എക്സിബിഷനുകൾ ഇവയിൽ ഏതെങ്കിലും ഒന്ന് മാസത്തിൽ ഒരിക്കലെങ്കിലും താമസക്കാർക്കായി ഏർപ്പെടുത്തേണ്ടതാണ്.

10. ദേശീയ ഉത്സവങ്ങൾ, വിവിധ മതങ്ങളുടെ ആഘോഷങ്ങൾ, വിശേഷ ദിവസങ്ങൾ, കുട്ടികളുടെ ജന്മദിനങ്ങൾ എന്നിവ എല്ലാ താമസക്കാരുടേയും പങ്കാളിത്തത്തോടെ ഷെൽട്ടർ ഹോമിൽ ആഘോഷിച്ചിരിക്കണം.

11) താമസക്കാർക്ക് തൊഴിൽ പരിശീലനങ്ങൾ നൽകി സാമ്പത്തികമായി സ്വയം പര്യാപ്തരാക്കാൻ ആവശ്യമായ നടപടികൾ ഷെൽട്ടർ ഹോം അധികൃതർ നടത്തേണ്ടതാണ്. വിവിധ സർക്കാർ വകുപ്പുകളുടേയും ഏജൻസികളുടെയും സേവനം ഇതിനായി പ്രയോജനപ്പെടുത്താവുന്നതാണ്. തൊഴിൽ പരിശീലനത്തിനായി വിവിധ കമ്പനികളുടെ സി.എസ്.ആർ.ഫണ്ട് ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

12) താമസക്കാർക്ക് ആവശ്യമായ ഭക്ഷണം, വസ്ത്രം, മരുന്ന്, മറ്റ് അവശ്യ വസ്തുക്കൾ എന്നിവ തീർത്തും സൗജന്യമായി ലഭ്യമാക്കേണ്ടതാണ്.

13) ഒരു സ്ത്രീ ഷെൽട്ടർ ഹോമിൽ എത്തുമ്പോൾ അവർക്ക് ആവശ്യമായ വസ്ത്രം, ടൂത്ത് പേസ്റ്റ്, സോപ്പ്, എണ്ണ, തോർത്ത്, ഷാമ്പു, സാനിറ്ററി പാഡുകൾ, സൂചി, നൂല്, അലക്ക് സോപ്പ്, സോപ്പ് പൊടി, ടാൽക്കം പൗഡർ എന്നിവ അടങ്ങിയ ഒരു വെൽക്കം കിറ്റ് നൽകേണ്ടതാണ്. താമസക്കാരായ കുട്ടികൾക്ക് ആവശ്യമായ വസ്തുക്കളും ഷെൽട്ടർ ഹോമിൽ നിന്ന് ലഭ്യമാക്കിയിരിക്കണം.

14) താമസക്കാർക്ക് ഗാർഹിക പീഡനത്തെ തുടർന്നോ അല്ലാതെയോ ഉണ്ടായിട്ടുള്ള പരിക്കുകൾ, മുറിവുകൾ, അസുഖങ്ങൾ എന്നിവയ്ക്ക് അടിയന്തിര ചികിത്സ അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ/ആശുപത്രിയിൽ നിന്ന് സൗജന്യമായി ലഭ്യമാക്കിയിരിക്കണം.

15) ഗാർഹിക പീഡനത്തിന് വിധേയയായ താമസക്കാരിയ്ക്ക് ആക്ട് 2005, പ്രകാരം കേസ് ഫയൽ ചെയ്യുന്നതിന് വനിത സംരക്ഷണ ഓഫീസർ, സേവനദാതാവ് എന്നിവരുടെ സേവനങ്ങളും മറ്റ് നിയമ സഹായങ്ങൾക്കായി ജില്ലാ ലീഗൽ സർവ്വീസ് അതോറിറ്റി (DLSA) യുടെ സേവനങ്ങളും ലഭ്യമാക്കേണ്ടതാണ്.

16) താമസക്കാരിയോടൊപ്പം 10 വയസ്സിന് മുകളിൽ പ്രായമുള്ള ആൺകുട്ടിയാണ് ഉള്ളതെങ്കിൽ കുട്ടിയെ ശിശു ക്ഷേമ സമിതിയ്ക്ക് മുമ്പാകെ ഹാജരാക്കി സർക്കാർ ശിശു സംരക്ഷണ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കേണ്ടതാണ്.

17) താമസക്കാരുടെ കൂടെയുള്ള 10 വയസ്സിന് താഴെയുള്ള എല്ലാ കുട്ടികളുടെ വിവരങ്ങളും ശിശു ക്ഷേമ സമിതി, ജില്ലാ ശിശു സംരക്ഷണ ഓഫീസർ എന്നിവർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

18) താമസക്കാരായ കുട്ടികളുടെ പഠനം തുടരുന്നതിനും പ്രത്യേക ട്യൂഷൻ ആവശ്യമെങ്കിൽ അതിനും വേണ്ട നടപടികൾ ഷെൽട്ടർ ഹോം സൂപ്രണ്ട് അടിയന്തിരമായി കൈക്കൊണ്ടിരിക്കണം.

19) ഷെൽട്ടർ ഹോമിലെ കൗൺസിലർ, താമസക്കാർക്ക് ഗാർഹിക പീഡനം മൂലം ഉണ്ടായ മാനസിക വൈഷമ്യങ്ങൾ മറികടക്കുന്നതിന് ആവശ്യമായ കൗൺസിലിംഗ് നൽകേണ്ടതാണ്. താമസക്കാരിയായ സ്ത്രീയുടെ സമ്മത പ്രകാരം എതിർകക്ഷികളെ വിളിച്ചുവരുത്തി പ്രശ്ന പരിഹാരത്തിന് ശ്രമിക്കേണ്ടതാണ്.

20) താമസക്കാരിയ്ക്ക് ആവശ്യമായ സേവനങ്ങൾ ഷെൽട്ടർ, ഹോമിൽ നൽകാൻ സാധിക്കാത്ത പക്ഷം അത്തരം സേവനങ്ങൾ ലഭ്യമായ സർക്കാർ അംഗീകാരമുള്ള സ്ഥാപനങ്ങൾ, ഏജൻസികൾ എന്നിവിടങ്ങളിലെ സേവനങ്ങൾ ലഭ്യമാക്കുകയോ അവരെ വനിത സംരക്ഷണ ഓഫീസറുടെ അനുമതിയോടെ മറ്റൊരു സ്ഥാപനത്തിലേയ്ക്ക് മാറ്റുകയോ ചെയ്തിരിക്കണം.

21) ഷെൽട്ടർ ഹോമിലെ താമസക്കാരിയെ പുനരധിവസിപ്പിച്ചിട്ടുണ്ട് എങ്കിൽ അതിന് ശേഷം അവർ സുരക്ഷിതമായും സമാധാനപരമായും ജീവിക്കുന്നുണ്ട് എന്ന് തുടർ അന്വേഷണങ്ങൾ നടത്തി ഷെൽട്ടർ ഹോം അധികൃതർ ഉറപ്പാക്കിയിരിക്കണം.

22) ഷെൽട്ടർ ഹോമിന്റെ സേവനങ്ങൾക്കായി സ്ഥാപനത്തെ നേരിട്ട് സമീപിച്ച അപേക്ഷകയുടെ വിവരങ്ങൾ സ്ഥാപനത്തിന്റെ പരിധിയിലെ പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതും അതിക്രമവുമായി ബന്ധപ്പെട്ട വിഷയത്തിൽ 48മണിക്കൂറിനുള്ളിൽ ഒരു FIR രജിസ്റ്റർ ചെയ്യിപ്പിക്കേണ്ടതും പകർപ്പ് ഫയലിൽ സൂക്ഷിച്ചിരിക്കേണ്ടതുമാണ്. താമസക്കാരിയുടെ താത്പര്യ പ്രകാരമോ അടിയന്തിര ഘട്ടത്തിൽ അവരുടെ അനുമതി ഇല്ലാതെയോ അവരുടെ മേൽവിലാസ പരിധിയിലെ പോലീസ് സ്റ്റേഷനിലും പ്രവേശനം സംബന്ധിച്ച വിവരങ്ങൾ അറിയിച്ചിരിക്കണം.

23) താമസക്കാരിയുടെ കൈവശം ഏതെങ്കിലും വിലപിടിപ്പുള്ള വസ്തുക്കളോ പണമോ ഉണ്ട് എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ഇതിനായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ (Register of Valuables) രേഖപ്പെടുത്തേണ്ടതും സൂപ്രണ്ടും താമസക്കാരിയും ഒപ്പ് വയ്ക്കേണ്ടതുമാണ്. സാധനങ്ങൾ സൂപ്രണ്ട് സുരക്ഷിതമായി സൂക്ഷിക്കേണ്ടതും താമസക്കാരി സ്ഥാപനത്തിൽ നിന്നും വിടുതൽ വാങ്ങുന്ന അവസരത്തിൽ തിരികെ നൽകേണ്ടതുമാണ്.

24) താമസക്കാരുടെ ഫോട്ടോ പതിച്ച ബയോഡേറ്റ, തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് എന്നിവ ഫയലിൽ സൂക്ഷിച്ചിരിക്കണം. താമസക്കാർക്ക് നൽകുന്ന ഭക്ഷണം പ്രത്യേകം തയ്യാറാക്കിയ മെനു ചാർട്ടിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം. മെനു ചാർട്ട് താമസക്കാരുമായി ചർച്ച ചെയ്ത് തയ്യാറാക്കുകയും ഷെൽട്ടർ ഹോമിൽ പ്രദർശിപ്പിച്ചിരിക്കുകയും വേണം.

25) ഗർഭിണിയായ സ്ത്രീകൾ മുലയൂട്ടുന്ന അമ്മമാർ 5 വയസ്സിന് താഴെയുള്ള കുട്ടികൾ എന്നിവർക്ക് ആവശ്യമായ പ്രത്യേക പോഷകാഹാരങ്ങൾ നിർദ്ദിഷ്ട അളവിൽ (ICDS മാനുവൽ അനുസരിച്ച്) ഷെൽട്ടർ ഹോമിൽ ലഭ്യമാക്കിയിരിക്കണം.

26) താമസക്കാരുടെ സ്വകാര്യത ഉറപ്പു വരുത്തേണ്ട ഷെൽട്ടർ ഹോമിന്റെ കെട്ടിടത്തിൽ മറ്റ് സ്ഥാപനങ്ങളോ ഓഫീസുകളോ പ്രവർത്തിക്കാൻ പാടില്ല.

27) ഷെൽറ്റർ ഹോം നിലവിലെ കെട്ടിടത്തിൽ നിന്ന് മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിന് മുൻപ് ജില്ലയിലെ വനിത സംരക്ഷണ ഓഫീസറേയും കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിനേയും രേഖാമൂലം അറിയിക്കേണ്ടതും വനിത ശിശു വികസന ഡയറക്ടറുടെ അനുമതി ലഭിച്ചതിന് ശേഷം മാത്രം സ്ഥാപനം മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കേണ്ടതുമാണ്.

28) ആക്ട് 2005 പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഷെൽട്ടർ ഹോമാണ് എന്ന വിവരവും സൗജന്യ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങളും അടങ്ങുന്ന വലിയ ബോർഡ് പൊതുജനങ്ങൾ കാണുന്ന വിധം സ്ഥാപനത്തിന്റെ മുൻവശത്തും പൊതുവഴിയ്ക്ക് സമീപവും നിഷ്കർഷിച്ചിരിക്കുന്ന മാതൃകയിൽ പ്രദർശിപ്പിച്ചിരിക്കേണ്ടതാണ് **(അനക്സർ - 4)**

29) ഗാർഹിക പീഡനങ്ങൾക്ക് വിധേയരാകുന്ന വനിതകൾക്ക് ലഭിക്കുന്ന സേവനങ്ങൾ, അവരുടെ അവകാശങ്ങൾ, വനിത ഹെൽപ്പ് ലൈൻ - 181 (മിത്ര), ചൈൽഡ് ലൈൻ (1098) എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ സ്ഥാപനത്തിന്റെ മുൻവശത്ത് പൊതുജനങ്ങൾ കാണുന്ന വിധം പ്രദർശിപ്പിച്ചിരിക്കേണ്ടതാണ്.

30) ഷെൽട്ടർ ഹോമിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് സാമൂഹ്യപ്രവർത്തകർ ഉൾപ്പെട്ട ഒരു ഹോം കമ്മിറ്റി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കേണ്ടതാണ്.

1) സന്നദ്ധ സംഘടനയുടെ സെക്രട്ടറി / പ്രസിഡന്റ്

2) പ്രദേശത്തെ ഒരു സാമൂഹ്യ പ്രവർത്തക.

3) ഫാമിലി കൗൺസിലർ

4) ലീഗൽ കൗൺസിലർ

5) സൂപ്രണ്ട്

6) വാർഡ് കൗൺസിലർ

7) പോലീസ് സർക്കിൾ ഇൻസ്പെക്ടർ / പ്രതിനിധി

8) പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ഡോക്ടർ

9) വനിത സംരക്ഷണ ഓഫീസർ / ശിശു വികസന പദ്ധതി ഓഫീസർ

31) ഷെൽട്ടർ ഹോമിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് ജില്ലാതലത്തിൽ ഒരു ജില്ലാതല ഷെൽട്ടർ ഹോം കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവാകുന്നതാണ് ജില്ലാ കളക്ടർ

ചെയർമാനായുള്ള കമ്മിറ്റിയിൽ വനിത സംരക്ഷണ ഓഫീസർ കൺവീനറും താഴെ പറയുന്ന അംഗങ്ങളും ആയിരിക്കും.

1) ജില്ലാ കളക്ടർ - ചെയർമാൻ

2) ജില്ലാ പോലീസ് മേധാവി

3) ജില്ല മെഡിക്കൽ ഓഫീസർ

4) DLSA സെക്രട്ടറി/പ്രതിനിധി

5) വനിത ശാക്തീകരണം, ക്ഷേമം എന്നീ രംഗതത്ത് പ്രവർത്തിക്കുന്ന രണ്ട് വനിതകൾ (അംഗങ്ങളെ ജില്ലാ കളക്ടർ നാമനിർദ്ദേശം ചെയ്യുന്നതാണ്).

6) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ - ജില്ലാ പഞ്ചായത്ത്.

7) ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ-കോർപ്പറേഷൻ/മുൻസിപ്പാലിറ്റി

8) ജില്ലാ വനിത ശിശു വികസന ഓഫീസർ.

9) വനിത സംരക്ഷണ ഓഫീസർ-കൺവീനർ

32) ജില്ലാതല ഷെൽട്ടർ ഹോം കമ്മിറ്റി 3 മാസത്തിലൊരിക്കലെങ്കിലും യോഗം ചേർന്നിരിക്കേണ്ടതാണ്.

VI) <u>ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ</u>

1) ഗാർഹിക അതിക്രമങ്ങൾക്ക് വിധേയയായ ഒരു സ്ത്രീ ഷെൽട്ടർ ഹോമിൽ എത്തിയാൽ ഉടൻ അവരുടെ മേൽവിലാസവും മറ്റു വിവരങ്ങളും ഫോട്ടോ സഹിതം പ്രവേശന രജിസ്റ്ററിൽ ചേർത്തിരിക്കേണ്ടതാണ് **(അനക്സർ - 5)**

2) ഓരോ താമസക്കാരിയ്ക്കും പ്രത്യേക ഫയൽ ആരംഭിയ്ക്കേണ്ടതും ഗാർഹിക അതിക്രമങ്ങളുടെ പൂർണ്ണവിവരങ്ങൾ കേസുകൾ ഫയൽ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിവരങ്ങൾ, തുടർനടപടികൾ എന്നിവ ഫയലിൽ സൂക്ഷിച്ചിരിക്കേണ്ടതുമാണ്.

3) താമസക്കാരിയുടെയും അവരുടെ കുട്ടികളുടെയും പുനരധിവാസത്തിനും സുരക്ഷിതത്വത്തിനും ആവശ്യമായ പ്രത്യേക പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുകയും വിവരങ്ങൾ വ്യക്തിഗത ഫയലിൽ സൂക്ഷിച്ചിരിക്കുകയും വേണം.

4) താമസക്കാരിയ്ക്ക് ആവശ്യമെങ്കിൽ ഷെൽട്ടർ ഹോമിൽ നിന്ന് സ്വന്തം താത്പര്യപ്രകാരം വിടുതൽ വാങ്ങാവുന്നതാണ്. വിവരം സ്ഥലത്തെ പോലീസ് സ്റ്റേഷനിലും, വനിത സംരക്ഷണ ഓഫീസറെയും അറിയിക്കേണ്ടതാണ്. താമസക്കാരി ആവശ്യപ്പെടുന്ന പക്ഷം അവരുടെ വീട്, ബന്ധുക്കൾ എന്നിവരെ സന്ദർശിക്കുന്നതിന് അനുവദിക്കേണ്ടതും രേഖാമൂലമുള്ള അപേക്ഷ വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## VII) ഷെൽട്ടർ ഹോമിൽ സൂക്ഷിച്ചിരിക്കേണ്ട രജിസ്റ്ററുകൾ / ഫയലുകൾ

1) അഡ്മിഷൻ രജിസ്റ്റർ (പ്രവേശന രജിസ്റ്റർ).

2) കേസ് ഫയൽ.

3) ജീവക്കാരുടെ അറ്റൻൻസ് രജിസ്റ്റർ (ജനുവരി മുതൽ ഡിസംബർ വരെ)

4) താമസക്കാരുടെ അറ്റൻൻസ് രജിസ്റ്റർ (ജനുവരി മുതൽ ഡിസംബർ വരെ)

5) സ്റ്റോക്ക് രജിസ്റ്റർ - സർക്കാർ ഫണ്ട് ഉപയോഗിച്ച് വാങ്ങിയിട്ടുള്ള ആസ്തികളുടെ രജിസ്റ്റർ (GFR 19).

6) നിത്യോപയോഗ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ.

7) ഫുഡ്സ്റ്റോക്ക് രജിസ്റ്റർ

8) പുനരധിവാസ ചെലവുകൾ കാണിക്കുന്ന രജിസ്റ്റർ

9) മെഡിസിൻ കിറ്റ് രജിസ്റ്റർ

10) താമസക്കാരുടെ കൈവശമുള്ള തുക/വിലപിടിപ്പുള്ള വസ്തുക്കൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ

11) കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾ രേഖപ്പെടുത്തുന്ന രജിസ്റ്റർ

12) ത്രൈമാസ ഹോം കമ്മിറ്റി മിനിട്സ് രജിസ്റ്റർ

13) ജീവനക്കാരെ നിയമിച്ചത് സംബന്ധിച്ച ഫയൽ - യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം.

14) ക്യാഷ് ബുക്ക്
15) ലെഡ്ജർ
16) വൗച്ചറുകൾ

(ഏപ്രിൽ മുതൽ മാർച്ച് വരെ)

കേരള സാമൂഹ്യ ക്ഷേമ ബോർഡ്/വനിത ശിശു വികസന വകുപ്പ് വഴി ലഭിക്കുന്ന ഫണ്ട് പ്രത്യേകമായി ഒരു ക്യാഷ് ബുക്കിൽ/ലെഡ്ജറിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

വൗച്ചറുകൾ ഫണ്ട് നൽകിയ ഇനം തിരിച്ച് തയ്യാറാക്കേണ്ടതുണ്ട്. പണം കൈപ്പറ്റിയ ആളുടെ ഒപ്പും മേൽവിലാസവും ഫോൺ നമ്പർ സഹിതം വൗച്ചറിൽ രേഖപ്പെടുത്തേണ്ടതാണ്.

17) ഓഡിറ്റ് ഫയൽ

18) ലീവ് ഫയൽ

19) പ്രതിമാസ റിപ്പോർട്ടുകൾ/വാർഷിക റിപ്പോർട്ടുകൾ എന്നിവയുടെ ഫയൽ.

20) അക്വിറ്റൻസ് രജിസ്റ്റർ

21) മൂവ്മെന്റ് രജിസ്റ്റർ

## VIII) ഷെൽട്ടർ ഹോമുകൾ നൽകേണ്ട റിപ്പോർട്ടുകൾ

ഷെൽട്ടർ ഹോമുകൾ അവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള റിപ്പോർട്ട് നിഷ്കർഷിച്ചിട്ടുള്ള മാതൃകയിൽ **(അനക്സർ-6)** എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുമ്പായി വനിത സംരക്ഷണ ഓഫീസർ കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് എന്നിവർക്ക് സമർപ്പിക്കേണ്ടതാണ്.

## IX) വനിത ശിശു വികസന വകുപ്പ് നൽകുന്ന ഫണ്ട് ചെലവഴിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

1) ഷെൽട്ടർ ഹോമിന് ഓരോ ഇനത്തിനും ഓരോ ആവശ്യങ്ങൾക്കായി അനുവദിച്ചിട്ടുള്ള ഫണ്ട് അതാത് ഇനത്തിനും ആവശ്യത്തിനും തന്നെ ഉപയോഗിച്ചിരിക്കേണ്ടതാണ്.

2) ഷെൽട്ടർ ഹോമിന് അനുവദിച്ച തുകയുടെ ആദ്യ ഗഡു ലഭിക്കുന്നതിനായി താഴെപ്പറയുന്ന രേഖകൾ കേരള സാമൂഹ്യ ക്ഷേമ ബോർഡിന് സമർപ്പിക്കേണ്ടതാണ്.

a) ഷെൽട്ടർ ഹോമിന്റെ ഫണ്ട് സ്വീകരിക്കുന്നതിനായി ദേശസാൽകൃത ബാങ്കിൽ പ്രത്യേകമായി ആരംഭിച്ച അക്കൗണ്ട് വിവരങ്ങൾ.

b) വനിത ശിശു വികസന വകുപ്പ്/കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി, ആക്ട് 2005 പ്രകാരമുള്ള ഷെൽട്ടർ ഹോമായി പ്രവർത്തിച്ചുകൊള്ളാമെന്ന് പ്രസ്താവിച്ചുകൊണ്ട് 200 രൂപയുടെ സ്റ്റാമ്പ് പേപ്പറിൽ തയ്യാറാക്കിയ ധാരണാ പത്രം **(അനക്സർ-3).**

c) സമാന ആവശ്യങ്ങൾക്കായി മറ്റൊരു ഏജൻസിയിൽ നിന്നും/സർക്കാർ വകുപ്പിൽ നിന്നും ഫണ്ട് സ്വീകരിക്കുന്നില്ല എന്ന ഷെൽട്ടർ ഹോമിന്റെ സാക്ഷ്യപത്രം.

d) മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

e) വനിത ശിശു വികസന വകുപ്പ്/കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡ് കാലാ കാലങ്ങളിൽ ഉത്തരവാകുന്ന/ആവശ്യപ്പെടുന്ന മറ്റ് രേഖകൾ.

3) അനുവദിച്ച ഫണ്ടിൽ നിന്നും അതത് മാസം ആവശ്യമുള്ള ഫണ്ട് മാത്രമെ ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിക്കാൻ പാടുള്ളൂ. അനുവദിച്ച തുക മുഴുവൻ പിൻവലിക്കുകയോ പിൻവലിച്ച് വ്യക്തികളുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

4) സാമ്പത്തിക വർഷം അവസാനിച്ച് 3 മാസത്തിനുള്ളിൽ ഒരു ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിററ് ചെയ്ത വരവ്-ചെലവ് കണക്കുകളും (Receipts & Payments, Income £ Expenditure, Balance Sheet) ധനവിനിയോഗ സാക്ഷ്യപത്രവും (Utilization Certificate) കേരള സാമൂഹ്യ ക്ഷേമ ബോർഡിന് സമർപ്പിക്കേണ്ടതാണ്.

5) ഫണ്ട് ചെലവഴിച്ചത് സംബന്ധിച്ച റിപ്പോർട്ട് എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുമ്പായി കേരള സാമൂഹ്യ ക്ഷേമ ബോർഡ്, വനിത സംരക്ഷണ ഓഫീസർ എന്നിവർക്ക് സമർപ്പിക്കേണ്ടതാണ്. ഓഡിറ്റ് ചെയ്യാത്ത അക്കൗണ്ട് സ്റ്റേറ്റ്മെന്റ് ത്രൈമാസ റിപ്പോർട്ടായി കേരള സാമൂഹ്യ ക്ഷേമ ബോർഡിന് സമർപ്പിച്ചിരിക്കേണ്ടതാണ്.

6) മുൻകൂർ അനുവദിച്ച സർക്കാർ ഫണ്ട് സേവനദാതാവിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ചതിന് ശേഷം പ്രസ്തുത ഫണ്ടിൽ നിന്നും ലഭിക്കുന്ന പലിശ സംബന്ധിച്ച വിവരങ്ങൾ കേരള സാമൂഹ്യ ക്ഷേമ ബോർഡിനെ അറിയിക്കേണ്ടതും പലിശ തുക തിരിച്ചടയ്ക്കുകയോ അടുത്ത വർഷത്തെ ഫണ്ടിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്.

7) ഷെൽട്ടർ ഹോം നടത്തിപ്പിന് സർക്കാരിൽ നിന്നും ഒറ്റത്തവണയായി ലഭിക്കുന്ന ഫണ്ട് (Non-recurring Amount) സംബന്ധിച്ച വിവരങ്ങളും അതുപയോഗിച്ച് വാങ്ങിയിട്ടുള്ള സാധനങ്ങളുടെ വിവരങ്ങളും പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിരിക്കേണ്ടതാണ്.

8) ഷെൽട്ടർ ഹോമിലെ ജീവനക്കാരുടെ എണ്ണം, പേര്, മേൽവിലാസം, യോഗ്യത, ജോലിയിൽ പ്രവേശിച്ച തീയതി, വിടുതൽ വാങ്ങി എങ്കിൽ അതിന്റെ തീയതി, വേതനം നൽകിയ തീയതി തുക എന്നിവ ഓഡിറ്റ് റിപ്പോർട്ടിനൊപ്പം സമർപ്പിച്ചിരിക്കണം.

## X) ഷെൽട്ടർ ഹോമിന്റെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

1) രജിസ്ട്രേഷൻ ലഭിച്ച ഷെൽട്ടർ ഹോമുകളുടെ പ്രവർത്തനവും സന്നദ്ധ സംഘടനയുടെ പ്രവർത്തനവും സംബന്ധിച്ച് 3 മാസത്തിലൊരിയ്ക്കൽ ജില്ലാ വനിത ശിശു വികസന ഓഫീസർ, വനിത സംരക്ഷണ ഓഫീസർ എന്നിവർ സംയുക്തമായി പരിശോധന നടത്തേണ്ടതും റിപ്പോർട്ട് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്. കേരള സാമൂഹ്യ ക്ഷേമ ബോർഡും മൂന്നുമാസത്തിലൊരിയ്ക്കൽ എല്ലാ സെന്ററുകളും സന്ദർശിച്ച് ത്രൈമാസ റിപ്പോർട്ട് വനിത ശിശു വികസന വകുപ്പ് ഡയറക്ടർക്ക് നൽകേണ്ടതുമാണ്.

2) പ്രവർത്തനം വിലയിരുത്തി തൃപ്തികരമായി പ്രവർത്തിക്കുന്നു എന്ന് പൂർണ്ണമായും ബോദ്ധ്യപ്പെട്ട ഷെൽട്ടർ ഹോമിന്റെ രജിസ്ട്രേഷൻ വർഷാവർഷം പുതുക്കി നൽകുന്നതാണ്. ഇത്തരത്തിലുള്ള മൂല്യനിർണ്ണയം/പ്രവർത്തനം വിലയിരുത്തൽ നടത്താതെ യാതൊരു കാരണവശാലും ഷെൽട്ടർ ഹോമിന്റെ രജിസ്ട്രേഷൻ പുതുക്കി നൽകുന്നതല്ല.

3) പ്രവർത്തനം തൃപ്തികരമല്ലാത്ത ഷെൽട്ടർ ഹോമുകളെ സംബന്ധിച്ച റിപ്പോർട്ട് വനിത സംരക്ഷണ ഓഫീസർ, ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. ജില്ലാ വനിത ശിശു വികസന ഓഫീസർ മേൽ കാര്യത്തിൽ ആവശ്യമായ അന്വേഷണങ്ങൾ നടത്തി റിപ്പോർട്ട് മറ്റ് നടപടികൾക്കായി വനിത ശിശു വികസന വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

4) കേരള സംസ്ഥാന സാമൂഹ്യ ക്ഷേമ ബോർഡിന്റെയും ജില്ലാ വനിത ശിശു വികസന ഓഫീസറുടെയും വനിത സംരക്ഷണ ഓഫീസറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം തൃപ്തികരമല്ല എന്ന് കണ്ടെത്തുന്ന ഷെൽട്ടർ ഹോമിന്റെ രജിസ്ട്രേഷൻ സർക്കാർ റദ്ദാക്കുന്നതാണ്.

5) ഷെൽട്ടർ ഹോമിന്റെ രജിസ്ട്രേഷൻ റദ്ദാക്കുന്നത് സംബന്ധിച്ച് പ്രത്യേകമായി ഉത്തരവ് നൽകുന്നതാണ്. പ്രവർത്തനം തൃപ്തികരമല്ല എന്ന് വിലയിരുത്തപ്പെട്ടിട്ടുള്ള ഷെൽട്ടർ ഹോമുകൾക്ക് ഒരു കാരണവശാലും സർക്കാർ ഫണ്ട് അനുവദിക്കുന്നതല്ല. ഫണ്ട് ദുരുപയോഗം പരിശോധനയിൽ കണ്ടെത്തിയാൽ ഷെൽട്ടർ ഹോമിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതും സർക്കാർ ഫണ്ട് തിരികെ പിടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

ഫോറം - VI
റൂൾ 11(1) കാണുക

2005 ലെ ഗാർഹിക അതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന നിയമത്തിലെ 10 (1) പ്രകാരം ഷെൽറ്റർ ഹോമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഫോറം

---

1. അപേക്ഷകന്റെ പേര്

---

2. വിലാസം
(ഫോൺ നമ്പർ, ഇ-മെയിൽ)

---

3. നൽകുന്ന സേവനങ്ങൾ

- അഭയം
- മനോരോഗ കൗൺസിലിംഗ്
- കുടുംബ കൗൺസിലിംഗ്
- തൊഴിൽ പരിശീലന കേന്ദ്രം
- ചികിത്സാ സഹായം
- ബോധവൽക്കരണ പരിപാടികൾ
- ഗാർഹിക അതിക്രമത്തിന് ഇരയായ ഒരു സംഘം
- ആൾക്കാർക്ക് വേണ്ടിയുള്ള കൗൺസിലിംഗ്
- മറ്റെന്തെങ്കിലും (,,,,,,,,,,,,,,,,,,,,,,,,,,,,)

---

4. സേവനങ്ങൾ നൽകാൻ നിയമിച്ചിട്ടുള്ള ആളുകളുടെ എണ്ണം.

---

5. നിങ്ങളുടെ സ്ഥാപനംവഴി നൽകുന്ന സേവനങ്ങൾക്ക് നിയമപരമായി കുറഞ്ഞ വിദഗ്ധ യോഗ്യത നിഷ്കർഷിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദീകരിക്കുക.

---

6. ഇത്തരത്തിലുള്ള ആൾക്കാരുടെ പട്ടികയും അവർ ചെയ്യുന്ന ജോലിയും അവരുടെ പ്രൊഫഷണൽ യോഗ്യതകളും ഉള്ളടക്കം ചെയ്തിട്ടുണ്ടോ?

- അതെ
- ഇല്ല

---

7. സേവനങ്ങൾ നൽകിവരുന്ന കാലയളവ്

- 3 വർഷം
- 4 വർഷം
- 5 വർഷം
- 6 വർഷം
- 6 വർഷത്തിൽ കൂടുതൽ

---

8. ഏതെങ്കിലും നിയമമോ റഗുലേഷനോ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടോ? എങ്കിൽ രജിസ്റ്റർ നമ്പർ

---

9. നിയമ പ്രകാരം നിഷ്കർച്ചിട്ടുള്ള കാര്യങ്ങൾ നിറവേറ്റിയിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ റഗുലേറ്റർ ബോഡിയുടെ പേരും മേൽ വിലാസവും

---

10. ഷെൽട്ടർ ഹോമിൽ ആവശ്യത്തിന് സ്ഥലമുണ്ടോ

- ഉണ്ട്
- ഇല്ല

---

11. ആകെയുള്ള വിസ്തീർണ്ണം

12. മുറികളുടെ എണ്ണം

13. മുറികളുടെ വിസ്തീർണ്ണം

കുറിപ്പ് : ഷെൽട്ടർ ഹോമുകളെ സംബന്ധിച്ചാണെങ്കിൽ 10 മുതൽ 18 വരെയുള്ള കോളങ്ങൾ പരിശോധനയ്ക്ക് ശേഷം രജിസ്റ്റർ ചെയ്യുന്ന അധികാരിയാണ് പൂരിപ്പിക്കേണ്ടത്

14. സുരക്ഷാ ക്രമീകരണങ്ങൾ

15. അന്തേവാസികളുടെ ഉപയോഗത്തിനായി ഒരു ടെലിഫോൺ കഴിഞ്ഞ മൂന്നുവർഷമായി ഉപയോഗത്തിലുണ്ടെന്ന് എന്തെങ്കിലും രേഖയുണ്ടോ?

16. ഏറ്റവും അടുത്തുള്ള ആശുപത്രി/ ക്ലീനിക്കിലേയ്ക്കുള്ള ദൂരം

17. ഡോക്ടർമാരുടെ സന്ദർശനത്തിലേയ്ക്കായി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ടോ ഉണ്ടെങ്കിൽ ഡോക്ടറുടെ പേര്
- ഉണ്ട്
- ഇല്ല

ഡോക്ടറുടെ വിലാസം

ബന്ധപ്പെടാനുള്ള ഫോൺ നമ്പർ

വിദ്യാഭ്യാസ യോഗ്യത

സ്പെഷ്യലൈസേഷൻ

18. നിലവിലുള്ള മറ്റെന്തെങ്കിലും സൗകര്യങ്ങൾ വ്യക്തമാക്കുക

കുറിപ്പ് : കൗൺസിലിംഗ് സെന്ററുകളുടെ കാര്യത്തിൽ 19 മുതൽ 25 വരെയുള്ള കോളങ്ങൾ പരിശോധനയ്ക്കുശേഷം രജിസ്റ്റർ ചെയ്യുന്ന അധികാരിയാണ് പൂരിപ്പിക്കേണ്ടത്.

19. കേന്ദ്രത്തിലുള്ള കൗൺസിലർമാരുടെ എണ്ണം

20. കൗൺസിലർമാരുടെ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത
- ബിരുദമില്ല
- ബിരുദധാരി
- ബിരുദാന്തര ബിരുദധാരി
- ഡിപ്ലോമ
- പ്രൊഫഷണൽ ബിരുദം
- മറ്റേതെങ്കിലും (....................)

21. കൗൺസിലർമാരുടെ പ്രവർത്തനപരിചയം
- ഒരു വർഷത്തിൽ താഴെ
- ഒരു വർഷം
- രണ്ട് വർഷം
- മൂന്ന് വർഷം
- മൂന്ന് വർഷത്തിൽ കൂടുതൽ

22. കൗൺസിലർമാരുടെ പ്രൊഫഷണൽ യോഗ്യതയും പരിചയവും
- പ്രൊഫഷണൽ ബിരുദം
- ഫാമിലി കൗൺസിലിംഗിൽ............. (ഉദ്യോഗപ്പേര്) ആയി................... (സംഘടയുടെ പേര്)
- മനോരോഗ കൗൺസിലിംഗിൽ.........

..............(ഉദ്യോഗപ്പേര് ആയി........
....................(സംഘടനയുടെ പേര്)

- മറ്റെന്തെങ്കിലും പരിചയം വ്യക്തമാക്കുക

---

23. കൗൺസിലർമാരുടെ പേരും യോഗ്യതയും ഉൾപ്പെടുന്ന ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ടോ?

- ഉണ്ട്
- ഇല്ല

---

24. ഏതു തരത്തിലുള്ള കൗൺസിലിംഗ് ആണ്

- ഓരോരുത്തർക്കും പ്രത്യേകം പ്രത്യേകമായുള്ള കൗൺസലിംഗ്
- കോഗ്നീറ്റീവ് ബിഹേവിയറൽ തെറാപ്പി (സി.ബി.ടി.) (സ്വയം മനസ്സിലാക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും മനസ്സിനെ സജ്ജമാക്കുന്നതിനുള്ളത്)
- ഗാർഹിക അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള ഒരു കൂട്ടം ആൾക്കാർക്ക് പൊതുവായിട്ടുള്ളത്
- കുടുംബ കൗൺസിലിംഗ്

---

25. നിലവിലുള്ള സൗകര്യങ്ങൾ

- വ്യക്തിപരമായ വിദഗ്ദ്ധ കൗൺസിലിംഗ്
- പ്രശ്നങ്ങൾ ചർച്ച ചെയ്യുവാനും വികാരങ്ങൾ പ്രകടിപ്പിക്കുവാനുള്ള സുരക്ഷിത സ്ഥലം
- കൗൺസിലിംഗ് സേവനങ്ങൾ സന്നദ്ധ പ്രവർത്തകർ മാനസിക ആരോഗ്യരക്ഷ എന്നിവയെക്കുറിച്ചുള്ള വിവരശേഖരം
- ഒറ്റയ്ക്ക് ഒറ്റയ്ക്കുള്ളതും ഗ്രൂപ്പായുമുള്ള കൗൺസിലിംഗ്
